**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2243** **16-03-2022 - ൽ മറുപടിയ്ക്ക്**

**പാരമ്പര്യ വൈദ്യൻമാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 15 വർഷമായി ചികിത്സാ രംഗത്തുള്ളവരും ഇപ്പോഴും ചികിത്സ നടത്തുന്നവരുമായ പാരമ്പര്യ വൈദ്യൻമാർക്ക് തുടർ ചികിത്സയ്ക്ക് അനുമതി നൽകുമോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | 1953–ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടും, തുടർന്നു വന്ന 2021-ലെ കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് പ്രകാരവും പാരമ്പര്യ വൈദ്യൻമാർക്ക് തുടർ ചികിത്സയ്ക്കുള്ള അനുമതി നൽകുന്നതിന് വ്യവസ്ഥയില്ല. ദേശീയ ഭാരതീയ ചികിത്സാസമ്പ്രദായം കമ്മീഷൻ (National Commission for Indian System of Medicine) അംഗീകരിച്ച പട്ടികകളിൽ ഉൾപ്പട്ട കോഴ്സുകൾക്ക് മാത്രമാണ് രജിസ്ട്രേഷൻ നൽകിവരുന്നത്. 13-04-2018 – ലെ ബഹു.സുപ്രീംകോടതിയുടെ Civil Appeal No .897/2009 – ലെ വിധിപ്രകാരവും, പാരമ്പര്യ വൈദ്യവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ OP No 24109/2001-ന്റെ 2003-ലെ വിധി പ്രകാരവും, രജിസ്ട്രേഷനില്ലാത്തവർക്ക് ചികിത്സാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് റിട്ട് ഹർജി(സി)നം. 16400/09 – ലെ 14-10-2020 ലെ ബഹു.ഹൈക്കോടതി വിധിയിൽ "Persons without recognized qualification and registration in the relevant field are not entitled to practice any system of medicine in the state of Kerala” എന്ന് പ്രസ്താവിച്ചിട്ടുണ്ട്. ആയതിനാൽ അംഗീകൃത യോഗ്യതയും മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനും ഇല്ലാത്തവർക്ക് ചികിത്സിക്കാനുള്ള അനുമതി നല്കുന്നത് അനുവദനീയമല്ല. |
| (ബി) | പാരമ്പര്യ വൈദ്യൻമാരെ പ്രത്യേക വിഭാഗമായി പരിഗണിച്ച് അംഗീകൃത വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് നൽകി തുടർ ചികിത്സയ്ക്ക് സൗകര്യം ഒരുക്കുമോ; വ്യക്തമാക്കാമോ? | (ബി) | പാരമ്പര്യ വൈദ്യൻമാരെ പ്രത്യേക വിഭാഗമായി പരിഗണിച്ച് അംഗീകൃത വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് നല്കുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ